LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി.-യുടെ വടക്കാഞ്ചേരി സബ്ഡിപ്പോയിൽ നിന്നും നിർത്തലാക്കിയ ഷെഡ്യൂളുകൾ

110 [564] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ സബ് ഡിപ്പോകൾ ഫലപ്രദമായി നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ വടക്കാഞ്ചേരി സബ് ഡിപ്പോയിൽ ലാഭത്തിൽ ഓടിയിരുന്ന ചില റൂട്ടുകളിലെ ഷെഡ്യൂളുകൾ നിർത്തലാക്കിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പുനഃസ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കെ.എസ്.ആർ.ടി.സി.-യുടെ സബ് ഡിപ്പോയിൽ നിന്ന് ഇപ്പോൾ എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്; അവയുടെ ലാഭ-നഷ്ടം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഫലപ്രദമായി നടത്തിക്കൊണ്ടിരിക്കുകയാണ്.

(ബി) ഒരു ഷെഡ്യൂളും നിർത്തൽ ചെയ്തിട്ടില്ല. തുടർച്ചയായി നഷ്ടത്തിൽ ഓടിച്ചിരുന്ന ചില ഷെഡ്യൂളുകൾ തൊട്ടടുത്തുള്ള ഡിപ്പോയിലേയ്ക്ക് മാറ്റി ഓടിക്കുകയാണ് ഉണ്ടായിട്ടുള്ളത്. പൊതുജനങ്ങളുടേയും യാത്രക്കാരുടേയും അഭ്യർത്ഥന മാനിച്ച് ടി സർവ്വീസുകൾ പിന്നീട് പുനഃസ്ഥാപിച്ചിട്ടുണ്ട്.

(സി) ആകെ ഓടുന്ന 11 സർവ്വീസുകളിൽ ഒന്നൊഴികെ മറ്റെല്ലാ സർവ്വീസുകളും നഷ്ടത്തിലാണ് ഓടുന്നത്.

തൃശ്ശൂർ ജില്ലയിൽ റദ്ദാക്കിയ കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ

111 [565] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ നടത്തിയിരുന്ന എത്ര കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ റദ്ദാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഈ ഷെഡ്യൂളുകൾ റദ്ദാക്കുവാനുണ്ടായ കാരണങ്ങൾ വ്യക്തമാക്കാമോ;